പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 265 | 26.09.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തുന്ന കൃത്രിമ പാൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നിട്ടും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി കാര്യക്ഷമമായ പരിശോധനകളോ, നിയന്ത്രണങ്ങളോ, നടപടികളോ ഉണ്ടാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഇല്ല. |
| ബി) | ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികളിലെ വിഷാംശം കണ്ടെത്താനുള്ള സംവിധാനം എല്ലാ ചെക്ക് പോസ്റ്റുകളിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് മോണിറ്റർ ചെയ്യാൻ സംസ്ഥാന തലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കാമോ ; | ബി) | ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ സ്ഥിരം സംവിധാനം ചെക്ക് പോസ്റ്റുകളിൽ നിലവിലില്ല. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നതുൾപ്പെടെ പച്ചക്കറികളിലെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക്പോസ്റ്ററുകളിൽ വച്ച് ശേഖരിച്ച് ഉടൻ തന്നെ കീടനാശിനിയുടെ സാന്നിദ്ധ്യം ഉൾപ്പെടെ പരിശോധിച്ച് ഫലം ലഭ്യമാക്കുന്ന രീതിയിലുള്ള ഉപകരണങ്ങൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ അത്തരത്തിലുള്ള പരിശോധനാസംവിധാനം ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തുവാൻ കഴിയില്ല. |
| സി) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള | സി) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറ |

| | | | |
|---|---|---|---|
| | ആധുനിക ലബോറട്ടറികളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; മായം ചേർത്തതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ പേരുൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ; | | ണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന് ദേശീയനിലവാരമുള്ള എൻഎബിഎൽ അക്രിഡിറ്റേഷൻ കരസ്ഥമാക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| ഡി) | വിശേഷാവസരങ്ങളിൽ മാത്രമല്ലാതെ കൃത്യമായ ഇടവേളകളിൽ ഭക്ഷ്യ സുരക്ഷാ പരിശോധന നടത്തുന്നതിനും തെറ്റ് ആവർത്തിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ: | ഡി) | പരിശോധനകളിൽ ഗുരുതരമായ വീഴ്ച കണ്ടെത്തുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| ഇ) | സുനാമി ഇറച്ചി എന്ന പേരിൽ തമിഴ്നാട്ടിൽ നിന്നും മാസങ്ങളോളം ഫോർമാലിനിലും മറ്റും സൂക്ഷിയ്ക്കുന്ന വിലകുറഞ്ഞ ഇറച്ചി സംസ്ഥാനത്ത് പല ബേക്കറികളിലും ഹോട്ടലുകളിലും ഉപയോഗിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവാദികൾക്കെതിരെ പ്രോസിക്യൂഷനടക്കമുള്ള നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |
| എഫ്) | മൽസ്യമാർക്കറ്റുകളിൽ ഫോർമാലിനിൽ സൂക്ഷിയ്ക്കുന്ന മൽസ്യങ്ങൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരക്കാർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | എഫ്) | പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ